തൊഴിലാളി രക്ഷാനിയമങ്ങൾ

*നവ്യര. (നമ്പർ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൊഴിലാളികളുടെ നന്മയെ ലാക്കാക്കി ഈ സഭ പാസ്സാക്കിയിട്ടുള്ള എതെല്ലാം നിയമങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും പറയുമോ;

(ബി) തൊഴിലാളി നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള എതെങ്കിലും മുതലാളിയുടെ പേരിൽ ഗവൺമെണ്ടിൽനിന്നും നടപടി എടുത്തിട്ടുണ്ടോ;

(സി) തൊഴിലാളിസംഘടനകളെ നിയമവിരുദ്ധസംഘടനകളായി പ്രഖ്യാപിക്കുന്നതിനുള്ള തെളിവുകൾ നൽകുവാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥന്മാർ ആരാണ്;

(ഡി) ഈ തരം ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിന്മേൽ ഗവൺമെണ്ടു് നേരിട്ടു് അന്വേഷണം നടത്താറുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) താഴെ പറയുന്ന നിയമങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടു്.

1. The Travancore Steam Boilers and Prime Movers Act, 1082.
2. The Cochin Boilers Act, 1113.
3. The Travancore Maternity Benefit Act, 1108.
4. The Cochin Maternity Benefit Act, 1113.
5. The Travancore Trade Union (Amendment) Act, 1124.
6. The Cochin Trade Union Act, 1112.
7. The Travancore Workmen's Compensation Act.
8. The Travancore Payment of Wages Act. 1116.
9. The Cochin Payment of Wages Act, 1113.
10. The Travancore Industrial Statistics Act 1120.
11. The Travancore Minimum Wages Act, 1113.
12. The Cochin Minimum Wages Act, 1124.
13. The Travancore Industrial Employment (Standing Orders) Act 1124.
14. The Cochin Industrial Employment (Standing Orders) Act 1122.
15. The Travancore Factories Act 1124.
16. The Cochin Factories (Amendment) Act 1122.
17. The Cochin Employment of Children Act 1122.
18. The U.S.T.C. Shops and Establishment Act 1125.
19. The Travancore-Cochin Industrial Disputes Act 1950.
20. The Cochin Industrial Statistics Act 1121.
21. The Cochin Workmen's Compensation Act 1111.
22. The Cochin Employees Liability Act, 1120.
23. The Cochin Dock Labourers Act 1112.

(ബി) ഉണ്ടു്. ഫാക്ടറീസ് ആക്ടിൻകീഴും മൈനർനിയമപ്രകാരം ബെനിഫിറ്റ് ആക്ടിൻകീഴും വ്യവസ്ഥകൾ ലംഘിച്ചതിനു് താഴെ പറയുന്ന ഫാക്ടറികളുടെ പേരിൽ ഇപ്പോൾ പ്രോസിക്യൂഷൻ നടത്തിവരുന്നുണ്ടു്.

1. Pankajam Motors Ltd., Alwaye.
2. E C. Govindan Asan & Sons, Kunnathoor.
3. M. P. Kesavan & Sons, Chatanoor.
4. The Quilon Rice Mill & Saw Mills, Quilon.
5. N. A. N. R. Cashew Factory, Eravipuram.
6. Ganga & Bros. Kundara.

LIBRARY ARCHIVES Kerala Legislative Assembly

7. N. V. Varghese & Sons, Quilon.
8. A. Thangal Kunju Musaliar & Sons, Quilon.
9. Pioneer Motors Ltd., Nagercoil.

ഇൻഡസ്ട്രിയൽ ഡീസ്പ്യൂട്ട്സ് ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതിന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിന്റെയും ആലുവാ ടെക്സ്റ്റൈൽസിന്റെയും കൊച്ചി വെസ്റ്റ്കോസ്റ്റ് മോട്ടോർസ് ലിമിറ്റഡിന്റെയും പേരിൽക്കൂടി പ്രോസിക്യൂഷൻ ആരംഭിച്ചിട്ടുണ്ട്.

(സി) നിയമസമാധാനപരിപാലനത്തിനു് ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥന്മാർ.

(ഡി) നേരിട്ട് അന്വേഷണം നടത്തേണ്ടതായ പരിതഃസ്ഥിതികൾ ഉണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അപ്രകാരം ചെയ്യും.

ശ്രീ. കെ. കരുണാകരൻ: മിനിമം വേജസ് ആക്ട്പ്രകാരം ഷാപ്പ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഷാപ്പ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. മിനിമം വേജസ് ആക്ട് നടപ്പിൽ വരുത്താൻ ഇൻഡ്യാ ഗവൺമെണ്ടിന്റെ അക്കാര്യത്തിലുള്ള റിപ്പോർട്ട് കാത്തിരിക്കയാണ്.

ശ്രീ. കെ. കരുണാകരൻ: മിനിമം വേജസ് ബിൽ എന്നാണ് പാസ്സായതെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ബില്ലിൽ മൂന്നു കൊല്ലത്തിനകം മിനിമം വേജസ് നിശ്ചയിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിനകത്തു് അതു് ചെയ്യാൻ കഴിയും.

ശ്രീ. കെ. കരുണാകരൻ: പ്രസവാനുകൂല്യങ്ങൾ നൽകുന്നില്ലെന്നുള്ള കാര്യം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തിയിട്ട് യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കിപ്പോൾ അറിവില്ല. അങ്ങനെ ഉണ്ടെന്നു പറഞ്ഞാൽ അതു് ശരിയാക്കാം.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: മിനിമം വേജസ് ആക്റ്റ് നടപ്പിൽ വരുത്താനുള്ള നടപടി നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ചില വിവരങ്ങൾ അതിലേയ്ക്ക് ശേഖരിക്കേണ്ടതുണ്ട്.

ശ്രീ. പി. കെ. ഡീവർ: ഷാപ്പ്സ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് നടപ്പിൽ വന്നിട്ട് ഒരു മാസം കഴിഞ്ഞിരിക്കുന്നു. എന്നാൽ അതു് ശരിയായി നടക്കുന്നുണ്ടോ എന്നു നോക്കുന്നതിനു് ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള ഓർഡർ ആയിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: അഡ്ജൂഡിക്കേഷൻ വ്യവസ്ഥകൾ നടപ്പിൽ വരുത്താതിരിക്കുന്നുണ്ടെന്നു് ഗവൺമെണ്ടിനെ അറിയിച്ചിട്ടും ചില മുതലാളികളെ പ്രോസിക്യൂട്ട് ചെയ്തിട്ടില്ലെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പ്രോസിക്യൂട്ട് ചെയ്യേണ്ട സംഗതികൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

Sri. A. P. Udayabhanu: Are they taking steps under the Minimum Wages Act of this State or of the Centre?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സെൻട്രൽ ആക്ട് അനുസരിച്ചാണ്.

Sri. A. P. Udayabhanu: There was a proposal to fix the minimum wages for Coir Industry. Was it under the Central Act or the State Act?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇവിടത്തെ ആക്റ്റ് അനുസരിച്ചാണെന്നാണു് തോന്നുന്നതു്.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞു്: തൊഴിലാളികളുടെ പരാതികൾ കിട്ടിയാൽ വേണ്ട നടപടികൾ നടത്തുന്നതാണെന്നു് പറഞ്ഞതു് ആലുവായിൽ ചെയ്ത നടപടികളാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ വിധത്തിലുള്ള നടപടികൾ വേണ്ടിവന്നാൽ അതും ചെയ്യും.

ശ്രീ. സി. സി. പ്രസാദ്: ആനമല ട്രിംബേർസ് സംബന്ധിച്ചു് അഡ്ജുഡിക്കേഷൻ നടത്തിയിട്ടുള്ളതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

കർഷകതൊഴിലാളികൾ

*നു വ 8. (നു൩) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അസംഘടിതരും കുലിവേലക്കാരുമായ കർഷകതൊഴിലാളികളുടെ നന്മയെ കരുതി ഇതിനകം ഈ ഗവൺമെണ്ടു് എന്തെല്ലാം നടപടികൾ അംഗീകരിച്ചിട്ടുണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): കർഷകതൊഴിലാളികളുടെ തൊഴിൽ തർക്കങ്ങളിൽ ലേബർ ഡിപ്പാർട്ടുമെണ്ടിലെ കൺസിലിയേഷൻ ഉദ്യോഗസ്ഥന്മാർ ഇടപെടുന്നുണ്ടു്. കൂട്ടനാട്ടിൽ ചമ്പക്കുളത്തു് ലേബർ ഡിപ്പാർട്ടുമെണ്ടിന്റെ ആഭിമുഖ്യത്തിൽ ഒരു വെൽഫെയർ കേന്ദ്രം നടത്തുന്നു. അവിടെ വായനശാല, നിശാപാഠശാല, തുടങ്ങിയവ നടത്തിവരുന്നുണ്ടു്. കർഷകതൊഴിലാളികളുടെ കുറഞ്ഞ കൂലിനിരക്കു നിശ്ചയിക്കുവാനുള്ള നിയമം പാസാക്കിയിട്ടുണ്ടു്. അതു സംബന്ധിച്ചു ഇൻഡ്യാ ഗവൺമെണ്ടു് നടത്തുന്ന പ്രാരംഭസർവ്വേയിൽ ഈ ഗവൺമെണ്ടു് പങ്കെടുത്തിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: കൂട്ടനാടിൽ എത്ര കുലിയാണു് നിശ്ചയിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ് വേണം.

ശ്രീ. പി. കെ. ഡീവർ: മദ്രാസിൽ കാർഷികതൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിച്ചുവെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കറിവില്ല.

ശ്രീ. പി. കെ. ഡീവർ: ഈ പ്രാരംഭസർവ്വേ ജോലിയിൽ ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർ കൂടി ഏർപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെയുള്ള ചില ഉദ്യോഗസ്ഥന്മാരും അതിൽ ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly